# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3407** — **21.12.2012-ൽ മറുപടിക്ക്**

### കേര കർഷകർക്ക് ആശ്വാസമായേക്കാവുന്ന പദ്ധതി

| **ചോദ്യം**<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | **മറുപടി**<br>**ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കേരള കാർഷിക സർവ്വകലാശാലയുടെ ഗവേഷണ ഫലമായി കണ്ടെത്തിയ തെങ്ങിൽ നിന്നുള്ള നീര ഉല്പാദന പദ്ധതി തുടങ്ങുന്നതിന് എന്താണ് തടസ്സം എന്ന് വിശദമാക്കാമോ; | എ) | തെങ്ങിൽ നിന്നുള്ള നീര ഉല്പാദനത്തിന് എക്സൈസ് വകുപ്പിന്റെ അനുമതി ആവശ്യമാണ്. പരീക്ഷണ അടിസ്ഥാന ത്തിൽ നീലേശ്വരം ഫാമിൽ നീര ഉല്പാദിപ്പിക്കുന്നതിന് മാത്രമാണ് നികുതി വകുപ്പിൽ നിന്ന് അനുമതി ലഭിച്ചിട്ടുള്ളത്. വ്യാവസായികാടിസ്ഥാനത്തിൽ നീര ഉല്പാദിപ്പിക്കുന്നതിന് എക്സൈസ് വകുപ്പിന്റെ അനുമതി ലഭിക്കാത്തതാണ് കൂടുതൽ സ്ഥലത്ത് നിന്ന് നീര ഉല്പാദിപ്പിക്കുന്നതിന് തടസ്സമായിട്ടുള്ളത്. |
| ബി) കേര കർഷകർക്ക് ഏറ്റവും താങ്ങായി മാറാവുന്ന പ്രസ്തുത പദ്ധതി എത്രയും വേഗത്തിൽ നടപ്പാക്കുന്ന തിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | ബി) | നടപടി സ്വീകരിച്ച് വരുന്നു. |
| സി) പ്രസ്തുത പദ്ധതിയുടെ ഘടനയും രൂപരേഖയും കൃഷി വകുപ്പിൽ നിന്ന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | സി) | നീര ഉല്പാദന പദ്ധതി കൃഷി വകുപ്പ് മുഖേന തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ആഫീസർ